നം.കെ.എസ്.എ-കെ.ടി.എം.പി12/1519/2017 തീയതി : 19.10.2017

# കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 20.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജഗോപാൽ ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എബ്രഹാം സി.മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സുപ്രഭ എസ്സ് | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ഷാജൻ ടി.കെ. | 01.04.2016 മുതൽ 31.08.2016 വരെ |
| | ശ്രീ.ശ്യാംകുമാർ എസ്.എൽ. | 01.09.2016 മുതൽ 23.09.2016 വരെ |
| | ഡോ.അന്ന സൂസൻ സഖറിയ | 24.09.2016 മുതൽ 01.10.2016 വരെ |
| | ശ്രീ.പ്രസന്നകുമാർ ആർ. | 02.10.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ജാനി കെ.വി. | 01.04.2016 മുതൽ 31.08.2016 വരെ |
| | ശ്രീമതി സി.ആർ.ബീനഭായി | 01.09.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിജേഷ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദിവ്യാ എസ്.മോഹൻ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.രതീഷ് പി.ആർ. | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.ഉണ്ണികൃഷ്ണൻ | |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ.രശ്മി ജി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പ്രിയകുമാരി | 01.04.2016 മുതൽ 20.09.2016 വരെ |
| | ശ്രീമതി അന്ന മാത്യു | 21.09.2016 മുതൽ 05.02.2017 വരെ |
| | ശ്രീമതി വിജയലക്ഷ്മി വി.എ. | 06.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം ജി.എ.ഡി.-പനച്ചിക്കാട് | ഡോ.ശ്രീജിത്ത് എസ്.പി. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ – LSGD | ശ്രീ.ശരവണേശ്വരൻ എൽ.ആർ. | 01.04.2016 മുതൽ 15.04.2016 വരെ |
| | ശ്രീമതി ദീപ ഡി.പി. | 16.04.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| | ഭാഗം 1 -- പൊതു അവലോകനം |
| 1-1 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| 1-2 | ബജറ്റ് |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-7 | തനത് വരുമാനം |
| 1-8 | വാർഷികപദ്ധതി--അവലോകനം |
| 1-9 | ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല |
| 1-10 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-11 | ക്യാഷ് വെരിഫിക്കേഷൻ |
| 1-12 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | രസീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ |
| 2-3-1 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് |
| 2-3-2 | കെട്ടിടത്തിന്റെ ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത |
| 2-3-3 | കെട്ടിടത്തിന് അനർഹമായ വസ്തുനികുതി ഇളവ് നൽകി |
| 2-3-4 | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല |
| 2-3-5 | ഒരേ കെട്ടിടത്തിനെ സഞ്ചയയിൽ ഒന്നിലധികം ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണയിച്ചു |
| 2-3-6 | വസ്തുനികുതിനിർണയവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത |
| 2-3-7 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി നിർണയിച്ചിട്ടില്ല |
| 2-3-8 | വസ്തുനികുതി നിർണയത്തിന് കെട്ടിടത്തിന്റെ തറവിസ്തീർണം കണക്കാക്കിയതിൽ കുറവ് |
| 2-3-9 | കെട്ടിടത്തിന് വഴിസൗകര്യത്തിനുള്ള ഇളവ് അനർഹമായി നൽകി വസ്തുനികുതി നിർണയിച്ചു |
| 2-3-10 | സഞ്ചയയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തതിലെ അപാകത |
| 2-3-11 | 55 ലക്ഷത്തോളം രൂപ വസ്തുനികുതി കുടിശ്ശിക നിലനിൽക്കുന്നു |
| 2-3-12 | വസ്തുനികുതിപരിഷ്കരണം--വിശദാംശങ്ങൾ |
| 2-4 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ |

| | |
|---|---|
| 2-5 | കെട്ടിടങ്ങളുടെ ക്രമവൽക്കരണ നടപടികളിലെ അപാകത |
| 2-13 | ഇ-ടെൻഡർ--ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല |
| 2-14 | ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചില്ല |
| 2-15 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത |
| 2-16 | പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്ട്രീറ്റ്മെയിൻ, വൈദ്യുത മീറ്റർ സ്ഥാപിക്കൽ-എഗ്രിമെന്റ് വയ്ക്കാതെ 61.43 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറി--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല; ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | രേഖകളില്ല--10,61,378/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-3 | റിക്കവർ ചെയ്ത തുകകൾ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 3-4 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി നല്കിയ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-5 | ടാർ വാങ്ങൽ--4,286/-രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റ് TSB അക്കൗണ്ടിലവശേഷിക്കുന്നു |
| 3-6 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ--അപാകതകൾക്ക് വിശദീകരണം ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | എസ്.ടി കുട്ടികൾക്ക് പഠനമുറി--നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-8 | എസ്.ടി കുട്ടികൾക്ക് സൈക്കിൾ--സബ്സിഡി തുക പണമായി നല്കി |
| 3-9 | കാരിക്കുഴി പാടശേഖരത്തിന് പെട്ടിയും പറയും--പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല--2,65,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | പെണ്ണാട് വിതരണം--ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-11 | കന്നുകുട്ടി പരിപാലനം--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല |
| 3-12 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ഉത്തരവാദിത്വങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചിട്ടുണ്ടോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചിട്ടുണ്ടോ, ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചിട്ടുണ്ടോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക, ലേലം, കെട്ടിടനിർമാണപെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1,40,80,553/- | 2,61,82,011/- | 1,21,01,458/- | - | (+)85.94 |
| വരവ് | 10,24,42,376/- | 5,33,58,361/- | - | 4,90,84,015/- | (-)47.91 |
| ആകെ | 11,65,22,929/- | 7,95,40,372/- | - | 3,69,82,557/- | (-)31.74 |
| ചെലവ് | 9,33,97,500/- | 4,90,38,641/- | - | 4,43,58,859/- | (-)47.49 |
| നീക്കിയിരിപ്പ് | 2,31,25,429/- | 3,05,01,731/- | 73,76,302/- | - | (+)31.89 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണെന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥത്തിലുള്ള തുകയുടെ ഇരട്ടിയോളം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ്/പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആണ്. ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 27.06.2017-ലെ 2-ാം നം. തീരുമാനപ്രകാരം അംഗീകരിച്ച 2016-17 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 01.07.2017 ലെ A2-809/17 നം. കത്ത് പ്രകാരം 03.07.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ്

സാക്ഷ്യപത്രം അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2,61,82,011.53 |
| വരവ് | 5,33,58,361 |
| ആകെ | 7,95,40,372.53 |
| ചെലവ് | 4,90,38,641 |
| നീക്കിയിരിപ്പ് | 3,05,01,731.53 |

## 1-6 ഫണ്ട് വിനിയോഗം - വിശകലനം

കറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ സംസ്ഥാന ബജറ്റിലെ അലോട്ട്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക(അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

| ഫണ്ടിനം | മുൻബാക്കി | 2016-17 ൽ ലഭിച്ച അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | അലോട്ട്മെന്റ് നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 1,37,21,664/- | 90,98,544/- | 66.31 | 46,23,120/- |
| വികസനഫണ്ട് – എസ്.സി.പി. | 0 | 82,85,814/- | 23,85,000/- | 28.78 | 59,00,814/- |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 4,38,141/- | 83,741/- | 19.11 | 3,54,400/- |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 60,13,581/- | 35,00,471/- | 58.21 | 25,13,110/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 37,26,417/- | 14,80,540/- | 39.73 | 22,45,877/- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 76,95,937/- | 42,04,351/- | 54.63 | 34,91,586/- |
| പെർഫോമൻസ് ഗ്രാന്റ് | 0 | 51,40,131/- | 51,40,131/- | 100 | 0 |

തൻവർഷം പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ മാത്രമാണ് പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളത്. വികസനഫണ്ട് – എസ്.സി.പി., വികസനഫണ്ട് – ടി.എസ്.പി., സംരക്ഷണഗ്രാന്റ് – നോൺറോഡ് എന്നീ ഗ്രാന്റുകളുടെ അലോട്ട്മെന്റ് തുകയുടെ 40% ൽ താഴെ മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

## 1-7 തനത് വരുമാനം

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 39.84% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം (+)/(-) | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 39,32,438/- | 57,22,076/- | (+)17,89,638/- | (+)45.51 |
| നികുതിയേതര വരവുകൾ | 10,22,102/- | 12,17,206/- | (+)1,95,104/- | (+)19.1 |
| മറ്റുവരവുകൾ | 30,833/- | 32,307/- | (+)1,474/- | (+)4.78 |
| ആകെ | 49,85,373/- | 69,71,589/- | (+)19,86,216/- | (+)39.84 |

2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങളാണ് മുൻവർഷത്തെ കണക്കായി ചേർത്തിരിക്കുന്നത്. തൻവർഷം നികുതി വരവുകൾ വസ്തുനികുതി, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങൾ-ട്രെയ്ഡേഴ്സ് തൊഴിൽ നികുതി എന്നീ ഇനങ്ങളിലുള്ള വരവാണ്. നികുതിയേതര വരവുകളിൽ ഡി & ഓ ലൈസൻസ് ഫീസ്, വാടക, RP-4,RP-5,RP-43,RP-10 എന്നീ ഷെഡ്യൂളുകളിലെ ആകെത്തുകയാണ്. മറ്റുവരവുകൾ RP-9 ലെ പലിശ

വരവാണ്.

## 1-8 വാർഷികപദ്ധതി - അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 147 | 59 | 32 | 56 | 40.14 |

പദ്ധതി രൂപീകരണം

2016-17 വർഷത്തെ പദ്ധതിരൂപീകരണത്തിൽ, ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 20 വാർഡുകളിലും 2016 ഫെബ്രുവരി മാസത്തിലെ വിവിധ തീയതികളിൽ ഗ്രാമസഭകൾ യോഗം ചേരുകയും 2016-17-വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കുശേഷം ഓരോ വാർഡിലേക്കും വാർഡ് വികസനസമിതികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 16-17 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 29.1.16, 13.12.16 എന്നീ തീയതികളിൽ ഭിന്നശേഷിക്കാരുടെ ഗ്രാമസഭയും 1.7.16-ൽ വികസനസെമിനാറും നടത്തുകയുണ്ടായി.

13 വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിൽ യോഗം ചേരുകയും ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ വിശദമായ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിഅംഗീകാരം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 26.9.16-ലെ 7(1)-ാം നമ്പർ തീരുമാനപ്രകാരം സാമ്പത്തികാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 27.3.17- -ലെ 490/16/ഡി.പി.സി/ഡി.പി.ഒ /കോട്ടയം നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 11,13,73,178/-രൂപ വകയിരുത്തിയതിൽ 2,77,60,451/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 147 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചിരുന്നത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 17 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 87 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വാർഷിക പദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 1,52,67,664 | 90,98,544 | 59.59 |
| എസ്.സി.പി | 92,10,814 | 23,85,000 | 25.89 |
| റ്റി.എസ്.പി | 4,68,141 | 83,741 | 17.89 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 77,15,937 | 42,04,351 | 54.49 |
| ലോകബാങ്ക് ധനസഹായം | 51,40,131 | 51,40,131 | 100 |
| കേന്ദ്രാവിഷ്കൃതഫണ്ട് | 36,32,000 | 2,16,000 | 5.95 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 3,65,44,002 | 0 | 0 |
| തനതുഫണ്ട് | 45,49,462 | 16,51,673 | 36.30 |
| ബ്ലോക്ക് വിഹിതം | 2,50,000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 74,86,515 | 35,00,471 | 46.76 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 45,21,512 | 14,80,540 | 32.74 |
| മറ്റുള്ളവ | 1,41,23,000 | 0 | 0 |
| പ്രത്യക ഗ്രാന്റ് | 24,64,000 | 0 | 0 |

| | | | |
|---|---|---|---|
| ആകെ | 11,13,73,178 | 2,77,60,451 | 24.93 |

2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 24.93 % മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. പൊതുവിഭാഗം വികസനഫണ്ട് 59.59 ശതമാനവും കേന്ദ്രാവിഷ്കൃതഫണ്ട് കേവലം 5.95 ശതമാനവുമാണ് ചെലവഴിക്കാനായത്.

വിവിധസർക്കാർ ഗ്രാന്റുകൾ സ്പിൽഓവർ പ്രോജക്ടുകൾക്കുൾപ്പെടെയുള്ള അലോട്ട്മെന്റ് ലഭിക്കുമെന്ന പ്രതീക്ഷയിൽ വാർഷികപദ്ധതിയിൽ അധികതുക വകയിരുത്തിയിരുന്നു. എന്നാൽ പ്രതീക്ഷിച്ച അലോട്ട്മെന്റ് ലഭിക്കാഞ്ഞതിനാൽ വരവുചെലവുപത്രിക പ്രകാരം വാർഷികപദ്ധതിക്ക് വകയിരുത്തിയ തുകയും എ.സി.ആർ പ്രകാരമുള്ള യഥാർത്ഥ അലോട്ട്മെന്റ് തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് തുക | വകയിരുത്തിയ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 13721664 | 15267664 |
| ,, എസ്.സി.പി | 82,85814 | 92,10814 |
| റ്റി.എസ്.പി | 438141 | 468141 |
| ധനകാര്യക്കമ്മീഷൻ അവാർഡ് | 76,95,937 | 77,15,937 |

ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരം

ഗ്രാമപഞ്ചായത്തിലെ 2016-17 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമാണ്. മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിന്റ ബന്ധപ്പെട്ട വകുപ്പിലെ നിർദ്ദേശം പാലിച്ചിട്ടുണ്ട്. ഗ്രാമസഭാമിനിറ്റ്സ് പരിശോധിച്ചതിൽ 2016-17 പദ്ധതിക്കാലയളവിൽ 20 വാർഡുകളുള്ള പഞ്ചായത്തിലെ വാർഡുകളിൽ എല്ലാ വാർഡുകളിലും 4 ഗ്രാമസഭകൾവീതം കൂടിയിട്ടുണ്ട്. മിക്കവാറും എല്ലാ ഗ്രാമസഭകളുടേയും മിനിറ്റ്സ് രേഖകൾ എഴുതിയിട്ടുണ്ടെങ്കിലും പലതും പൂർത്തീകരിച്ച് കോ-ഓർഡിനേറ്ററും കൺവീനറും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| തീയതി | വാർഡ് |
|---|---|
| 18.03.2017 | 4 |
| 23.02.2017 | 3 |
| 18.03.2017 | 6 |
| 23.02.2017 | 12 |

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല

2016-17 വാർഷികപദ്ധതി രൂപീകരണത്തിനായി 13 വിഷയമേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തൻവർഷം യോഗംകൂടിയിട്ടില്ല.

പട്ടികജാതിവികസനം ഒഴികെ മിക്കവാറും എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് യോഗംകൂടിയിട്ടുള്ളത്. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗമിനിറ്റ്സുകൾ പൂർത്തീകരിച്ച് ചെയർമാനും കൺവീനറും ഒപ്പുവച്ചിട്ടില്ല. പലതിലും യോഗതീയതിപോലും രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗതീയതി, പങ്കെടുക്കുന്നവരുടെ പേരുവിവരം, ചർച്ചയ്ക്ക് വിധേയമാക്കിയ വിഷയങ്ങൾ എടുത്ത തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തി മിനിറ്റ്സ്ബുക്ക് പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

## 1-9 ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല

തദ്ദേശസ്വയംഭരണവകുപ്പിന്റെ 16.11.13-ലെ (എം.എസ്.) 362/2013, 25.6.14-ലെ (എം.എസ്) 112/2014 എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും പ്രവർത്തനകേന്ദ്രത്തിന്റെ വിവരങ്ങളും

(കെട്ടിടം/മുറിനമ്പർ, ലൊക്കേഷൻ) ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 12-ാം പദ്ധതിക്കാലയളവിൽ പ്രോജക്ട് പ്രകാരവും അല്ലാതെയും ചെലവഴിച്ച തുകകളുടെ വിവരവും ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിന്റെ ഒരുവാർഡിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് 3 വർഷം കഴിഞ്ഞിട്ടും 20 വാർഡുകളുള്ള പഞ്ചായത്തിന്റെ ഒരു വാർഡിൽപ്പോലും ഗ്രാമകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ലായെന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാണ്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,29,400/- | 159 |
| കർഷകതൊഴിലാളി പെൻഷൻ | 71,13,840/- | 747 |
| വിധവാപെൻഷൻ | 1,00,07,180/- | 866 |
| വാർദ്ധക്യകാലപെൻഷൻ | 1,47,12,060/- | 1528 |
| വികലാംഗപെൻഷൻ | 30,10,920/- | 312 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 2,59,850/- | - |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,50,000 | 5 |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2017 തീയതിയിൽ 3:15 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 24,800/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകളും ഓഡിറ്റിന്റെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

<u>തൊഴിൽനികുതി :</u> പഞ്ചായത്ത് പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെയും ട്രയ്ഡേഴ്സിന്റെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്. സ്ഥാപനം/ട്രെയ്ഡേഴ്സ് തൊഴിൽ നികുതിയുടെ കൃത്യമായ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കേണ്ടതാണ്.

<u>ബിൽഡിങ്ങ് പെർമിറ്റ് :</u> രജിസ്റ്ററിൽ പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരവിന്റെ ആകെത്തുക രജിസ്റ്ററിൽ കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

<u>ഡി & ഒ ട്രേഡ് ലൈസൻസ് :</u> പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലുള്ള ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യവസായങ്ങളെയും ലൈസൻസ് പധിയിൽ ഉൾപ്പെടുത്തി നടപടികൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണ്.

പാരാമെഡിക്കൽ/ട്യൂട്ടോറിയൽ രജിസ്ട്രേഷൻ : പഞ്ചായത്ത് പരിധിയിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഒട്ടും തൃപ്തികരമല്ല. തൻ വർഷം ഫയലുകളും തജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ജീവനക്കാർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. തൻ വർഷം നികുതി നിർണ്ണയം നടത്തിയ പല കെട്ടിടങ്ങളുടെയും അസസ്മെന്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ സാധിക്കാതിരുന്നത് അതിനുദാഹരണമാണ്.

സ്റ്റോക്ക് രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല

പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന എല്ലാ സാധനങ്ങളും അവ വാങ്ങിയ തീയതി അനുസരിച്ച് രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു പോകുന്നത്. Valuables നായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിൽ നിലവിലുള്ള Valuables എതൊക്കെയാണെന്നും അവ എത്ര എണ്ണം വീതം ഉണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമല്ല. ഉദാഹരണത്തിന് പഞ്ചായത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും അറിയുവാൻ സാധിക്കില്ല. കൂടാതെ പഞ്ചായത്തിലുള്ള ഫർണിച്ചറുകളുടെ വിവരവും സ്റ്റോക്ക് രജിസ്ററിൽ നിന്നും ലഭ്യമല്ല. വാങ്ങുന്ന ഫർണിച്ചറുകൾ സ്റ്റോക്കിലെടുക്കുന്നില്ല. 4/16,5/16 എന്നീമാസങ്ങളിൽ പഞ്ചായത്തിലേക്കായി വാങ്ങിയ രണ്ട് അലമാരകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പഞ്ചായത്തിലെ ഫർണിച്ചറുകൾ എല്ലാം തന്നെ കൃത്യമായി നമ്പറിട്ട് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാങ്ങുന്ന ഓരോ സാധനങ്ങളും ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് ഒട്ടും തൃപ്തികരമല്ല. എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നല്കിയതിന്റെ രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ ഫയലുകൾ കൃത്യമായി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2017 | 05/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2016 മുതൽ 10.08.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ)II/8A-2489/195 Dated-06.10.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 29,20,065/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 9,00,59,107/- രൂപയും ചെലവ് 8,71,39,042/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 7,95,40,372.53 രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 4,90,38,641 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 3,05,01,731.53 രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 7,86,42,467.83 രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 5,92,59,032.92 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 1,93,83,434.08 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം നാളിതുവരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻക്യാഷ് ചെയ്യാതെ തനത് ഫണ്ട് ചെക്കുകളുടെ മൂല്യം അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു. തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് റീക്കൺസിലേഷനിലെ പ്രസ്തുത ചെക്കിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|---|---|
| 1. | 21500627/10.12.2015 | 17049/10.12.2015 | 1,000/- |
| 2. | 21600549/04.11.2016 | 16634/04.11.2016 | 250/- |

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡി.സി.ബി-യുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ കണക്ക് ശീർഷകം 320700304, 320700404, 320700405 പ്രകാരമുള്ള ഗ്രാന്റുകൾ ലഭ്യമായത് ഏത് ഉദ്ദേശ്യത്തിനാണ് എന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

7) 31.03.2017 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന നിക്ഷേപങ്ങൾ ഒടുക്കിയവരുടെ വിശദാംശം പഞ്ചായത്ത് രേഖകളിലും രജിസ്റ്ററിലും ലഭ്യമല്ല.

8) 31.03.2017 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 ഷെഡ്യൂളിലെ ജീവനക്കാരുടെ ശമ്പളം, റിക്കവറി തുകകളുടെ നീക്കിയിരിപ്പ് 4/2017-ലെ ബിൽ രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9) തൊഴിൽ നികുതി(സ്ഥാപനം-ട്രെയ്ഡർ) അക്രുവൽ വരവിന്റെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ I-1 പ്രകാരം 4,05,390/- രൂപ ഡിമാന്റിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

10) സർക്കാരിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിനിമയം(VAT,IT,WWF) രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ അവയുടെ കൃത്യത വ്യക്തമല്ല.

11) 31.03.2017 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 ലെ 431400102 കണക്ക് ശീർഷകം വാടക കുടിശികയുടെ വിശദാംശം ലഭ്യമല്ല.

12) സംയുക്ത പ്രോജക്ടിനായി 17.11.2016ൽ 11601400012/17.11.2016(ചെക്ക് നം.132835/28.10.16) പ്രകാരം ലഭിച്ച 2.5 ലക്ഷം രൂപ വരവ് ശീർഷകമായ 160300102ൽ അക്കൗണ്ട് ചെയ്തു. ടി തുക ബാധ്യത ശീർഷകമായ 320700104ൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിലും അക്കൗണ്ടിങ്ങിലും മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. അതിനാൽ നിലവിൽ കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല. കൂടാതെ പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 രസീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ

പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിൽ നിലനിൽക്കുന്ന അപാകതകളുടെ വിശദാംശവും അവ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

- പഞ്ചായത്തിന്റെ രസീത് സ്റ്റോക്ക് രജിസ്റ്ററിൽ മാന്വൽ രസീതുകളും സാംഖ്യ രസീതുകളും ഒരേ പേജിൽ തുടർച്ചയായി ചേർക്കുന്നത് രസീതുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് സാധ്യമല്ലാതാകുന്നു. മാന്വൽ രസീതുകൾ, സാംഖ്യ ക്യാഷ് രസീതുകൾ, കൈപ്പറ്റ് രസീതുകൾ എന്നിവ പ്രത്യേകം പേജുകളിൽ ചേർത്ത് അവയുടെ വിനിമയം നിരീക്ഷിക്കേണ്ടതാണ്. കൂടാതെ രസീതുകളുടെ വിനിമയം സാമ്പത്തിക വർഷം തിരിച്ച് പ്രത്യകം രേഖപ്പെടുത്തേണ്ടതാണ്.
- കമ്പ്യൂട്ടർ-മാന്വൽ രസീതുകൾ ലഭ്യമാകുമ്പോൾത്തന്നെ ഇൻഡന്റിലെ വിശദാംശം ഉൾപ്പടെ സ്റ്റോക്കിൽ ചേർക്കേണ്ടതും ആകെ നീക്കിയിരിപ്പ് രസീതുകളുടെ എണ്ണം രേഖപ്പെടുത്തേണ്ടതുമാണ്.
- വിതരണം ചെയ്ത രസീത് ബുക്കുകൾ ഉപയോഗിക്കാതെ തിരികെ നൽകുമ്പോൾ അവ പുതുതായി ലഭ്യമാകുന്നതുപോലെ കണക്കാക്കി സ്റ്റോക്കിൽ ചേർക്കേണ്ടതാണ്. ഉപയോഗിക്കാതെ തിരികെ നൽകുമ്പോൾ സ്റ്റോക്കിൽ ചേർത്ത് നീക്കിയിരിപ്പ് രസീതുകളുടെ എണ്ണം രേഖപ്പെടുത്തേണ്ടതുമാണ്. 01.12.2016 മുതൽ 31.03.2017 വരെയുള്ള രസീത് പരിശോധനയിൽ തൻവർഷം ഉപയോഗിക്കാതെ തിരികെ നൽകിയ 4 രസീത് ബുക്കുകൾ സ്റ്റോക്കിൽ ചേർത്ത് വരവ് വച്ചിട്ടില്ല (രസീത് ബുക്ക് നം.12322, 12323, 12324, 12326) എന്ന് ബോധ്യപ്പെട്ടു. ടി രസീത് ബുക്കുകൾ തിരികെ സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.
- രസീത് ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷം അവസാനം ക്യാൻസൽ ചെയ്ത് അത് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും പ്രസ്തുത രസീത് ബുക്കുകൾ പഞ്ചായത്തിലേക്ക് തിരികെ

നൽകേണ്ടതുമാണ്.

- രസീത് സ്റ്റോക്ക് രജിസ്റ്ററിലെ ഇടപാടുകൾ സെക്രട്ടറി നിരീക്ഷിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് പഞ്ചായത്ത് സാംഖ്യ-മാന്വൽ രസീതുകളുടെ വിനിയോഗം ക്രമീകരിക്കേണ്ടതാണ്. 2017-18 വർഷം മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്ററും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## **2-3-1** വസ്തുനികുതി ഈടാക്കിയതിൽ കുറവ്

സഞ്ചയ മുഖേന വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ റെനി ബിജു എന്നയാളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 140 ച.മീറ്റർ തറവിസ്തീർണമുള്ള ഗോഡൗണിനെ 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന വിഭാഗത്തിൽപ്പെടുത്തി 30/- രൂപ അടിസ്ഥാനികുതിനിരക്ക് ചുമത്തി 2014-15 വർഷം മുതൽ നികുതിനിർണയിച്ചതായും 2014-15, 2015-16 വർഷങ്ങളിലെ നികുതി ഈടാക്കാതെ 2016-17 വർഷത്തെ നികുതി ഈടാക്കിയതായും കാണുന്നു. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കെട്ടിടത്തിന് പഞ്ചായത്തിൽ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാനനിരക്ക് ച.മീറ്ററിന് 50/- രൂപയാണ്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## **2-3-2** കെട്ടിടത്തിന്റെ ഉപയോഗക്രമം നിശ്ചയിച്ചതിലെ അപാകത

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിൽ ബാലാജി പുന്നൂസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2016-17 വർഷം വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി 27 എ (തറ വിസ്തീർണം -97.5 ച.മീ)എന്ന നമ്പർ നൽകി നികുതി നിർണയിച്ചിട്ടുണ്ട്.എന്നാൽ കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ പ്രകാരം കെട്ടിടം ഫാക്ടറി കെട്ടിടമാണെന്നും 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11(2) പ്രകാരം കെട്ടിടഉടമ നൽകുന്ന ഫാറം-2 ൽ വ്യാവസായികാവശ്യത്തിനുള്ള ഫാക്ടറി കെട്ടിടത്തിന് നമ്പർ ഇടാനായി അപേക്ഷിച്ചിട്ടുള്ളതായും കാണുന്നു. ആയതിനാൽ ഈ കെട്ടിടത്തിനെ ഇതരവ്യവസായം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർനിർണയിച്ച്, ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## **2-3-3** കെട്ടിടത്തിന് അനർഹമായ വസ്തുനികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ ബിന്ദു സാജൻ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 408 ബി (തറവിസ്തീർണം -253.50 ച.മീ) എന്ന നമ്പർ നൽകി 2016-17 വർഷം വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണയ രജിസ്റ്റർ, വാർഡ് തല അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12(4),(6) എന്നിവ പ്രകാരമുള്ള ഫാറം -6 എന്നിവയിലെല്ലാം കെട്ടിടം സ്ഥിതിചെയ്യുന്നത് പ്രഥമമേഖലയിലാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ കെട്ടിടത്തിന് സഞ്ചയയിൽ ഫാറം -6 ൽ വസ്തുനികുതി നിർണയിച്ചപ്പോൾ ദ്വിതീയ മേഖല എന്ന് രേഖപ്പെടുത്തി 10% ഇളവ് (1774.5 രൂപ) നൽകി നികുതി നിർണയിച്ചതായി കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## **2-3-4** കെട്ടിടത്തിന്റെ വസ്തുനികുതിയുടെ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല

സഞ്ചയ മുഖേന വസ്തുനികുതിയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ആഡിറ്റോറിയം എന്ന ഉപയോഗക്രമത്തിലുള്ള 1/434 എന്ന നമ്പരുള്ള കെട്ടിടത്തിന് കെട്ടിടത്തിന്റെ അടിസ്ഥാനവിവരങ്ങളിൽ ക്രമ നം.10 ആയി ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ തറവിസ്തീർണം ചേർത്തിട്ടില്ല. മാത്രമല്ല കെട്ടിടത്തിന് വസ്തുനികുതി ' 0 ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കെട്ടിടത്തിനെ നികുതി നിർണയത്തിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ ഉപയോഗക്രമത്തിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള 8 കെട്ടിടങ്ങളിൽ 6 കെട്ടിടങ്ങളുടെയും 2013-14 വർഷം മുതലുള്ള നികുതി കുടിശ്ശികയായി അവശേഷിക്കുന്നു. കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.(അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കൽ ആവശ്യപ്പെട്ട് 18.9.17ൽ നൽകിയ 12-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 2-3-5 ഒരേ കെട്ടിടത്തിനെ സഞ്ചയയിൽ ഒന്നിലധികം ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിലുള്ളതും പി.സി.രാജു എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിന് സഞ്ചയ പ്രകാരമുള്ള നികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടനം | തറവിസ്തീർണം | ഉപയോഗക്രമം | നാളിതുവരെയുള്ള കുടിശിക | സഞ്ചയ പ്രകാരം നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 3/233/A to H | 371.820ച.മീ | ബങ്കുകൾ | 71,531/- | 2013-14 |
| 2 | 3/233/H | 435.56ച.മീ | ബങ്കുകൾ | 74,494/- | 2013-14 |
| 3 | 3/233/A1 to A7 | 371.82ച.മീ | ഇതരവ്യവസായം | 33,466/- | 2015-16 |

തൻവർഷത്തെ നികുതി നിർണയ രജിസ്റ്റർ പ്രകാരം, ഇതേ കെട്ടിടത്തിനെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി 3/234/Aമുതൽ Xവരെ വിവിധ നമ്പരുകൾ നൽകി നികുതി നിർണയിച്ചതായി കാണുന്നു. ഈ കെട്ടിടത്തിന് എന്നു മുതൽക്കാണ് നികുതി നിർണയിച്ചതെന്നുള്ള വിവരവും നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതാണ്. സഞ്ചയയിൽ മേൽപ്പറഞ്ഞ കുടിശ്ശിക അവശേഷിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/18.9.2017) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3-6 വസ്തുനികുതിനിർണയവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലെ അപാകത

2016-17 വർഷം, വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു,

1 വസ്തുനികുതിനിർണ്ണയ രജിസ്റ്ററിൽ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12(1),(4),(6) എന്നിവ പ്രകാരം രേഖപ്പെടുത്തേണ്ട വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം, നികുതി നിർണ്ണയത്തിന് ഇളവുകൾ, വർദ്ധനവുകൾ അനുവദിച്ചതിന്റെ വിവരങ്ങൾ മുതലായവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ മേൽ ചട്ടങ്ങളിലെ ചട്ടം 12(4),(6) എന്നിവ പ്രകാരം സൂക്ഷിക്കേണ്ട ഫാറം 6ൽ കെട്ടിടത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ഇതിന്മേൽ വിശദീകരണവും ലഭ്യമാക്കിയിട്ടില്ല. 2016-17 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ ഫയലുകൾ പൂർണമായും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങളുടെ കൃത്യത വ്യക്തമല്ല. പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി രജിസ്റ്റർ, ഫയലുകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18.9.17) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-3-7 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി നിർണയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നിന്റെ പുരോഗതി പരിശോധിച്ചതിൽ ഒരു മൊബൈൽ ടെലഫോൺ ടവറിന്റെ വസ്തുനികുതി മാത്രമാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിന്റെയും 2014-15 വർഷം മുതലുള്ള നികുതി കുടിശ്ശികയായി അവശേഷിക്കുന്നു. 17-ാം വാർഡിൽ പഞ്ചായത്ത് ഓഫീസിന് സമീപത്തായി സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറിന്റെ പോലും വസ്തുനികുതി നിർണയിച്ചിട്ടില്ല. 20 വാർഡുകളുള്ള ഈ പഞ്ചായത്ത് പരിധിയിൽ ഒന്നിലധികം ടവറുകൾ ഉള്ളതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.4 തീയതി 15.9.2017) മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ നാളിതുവരെ പെർമിറ്റ് എടുത്തിട്ടുള്ള 9 ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വസ്തുനികുതി ഈടാക്കാത്ത നിരവധി ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു. വാർഡുതല അന്വേഷണം നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളെയും കണ്ടെത്തി വസ്തുനികുതി നിർണയിച്ച്, ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3-8 വസ്തുനികുതി നിർണയത്തിന് കെട്ടിടത്തിന്റെ തറവിസ്തീർണം കണക്കാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ ഇരുപതാം വാർഡിൽ പ്രവീൺ മാത്യു എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 2016-17 വർഷം വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ട് പ്രകാരവും വസ്തുനികുതി നിർണയിച്ചിരിക്കുന്ന സഞ്ചയയിലെ ഫാറം -6 പ്രകാരവും കെട്ടിടത്തിന്റെ തറവിസ്തീർണം 397.05ച.മീ (GF-253.45ച.മീ, FF-144.05ച.മീ) ആണ്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ, കെട്ടിട ഉടമയുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ എന്നിവ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 519.41 ച.മീറ്ററാണ്(GF-330.86 ച.മീ,FF- 188.55ച.മീ). പെർമിറ്റിൽ അധികരിച്ച് നിർമ്മാണം നടത്തിയ ഈ കെട്ടിടത്തിന്റെ പ്രസ്തുത ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. തറവിസ്തീർണം കുറവായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കേണ്ടതുമാണ്. സഞ്ചയപ്രകാരം ഈ കെട്ടിടത്തിന് 2013-14 വർഷം മുതൽ നികുതി നിർണയിച്ചതായും ഡിമാന്റ് ചെയ്തതായും കാണുന്നു. അപാകതകളിന്മേൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. (മേൽ വിഷയം സംബന്ധിച്ച് 18.9.2017ൽ നൽകിയ 21-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 2-3-9 കെട്ടിടത്തിന് വഴിസൗകര്യത്തിനുള്ള ഇളവ് അനർഹമായി നൽകി വസ്തുനികുതി നിർണയിച്ചു

2016-17 വർഷം, വസ്തുനികുതിനിർണയം നടത്തിയതും ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലുള്ളതുമായ 399/A നമ്പർ(തറവിസ്തീർണം-322.91ച.മീ) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് സഞ്ചയയിൽ നികുതിനിർണയം നടത്തിയ ഫാറം -6 പ്രകാരം 1.5 മീറ്ററോ അതിൽ കുറവോ എന്ന് രേഖപ്പെടുത്തി അപ്രകാരമുള്ള കെട്ടിടത്തിന് നൽകാവുന്ന 10% ഇളവ് (161.45 /-രൂപ) നൽകി നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 4.5 മീറ്റർ വീതിയുള്ള റോഡിന്റെ വശത്താണ്. ഇപ്രകാരം അനർഹമായ ഇളവ് നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർനിർണയിച്ച് ഈടാക്കേണ്ടതുമാണ്. 2016-17 വർഷം നികുതി നിർണയം നടത്തിയ ഈ കെട്ടിടത്തിന് സഞ്ചയയിൽ 2013-14 മുതൽ നികുതി നിർണയിച്ചതായും ഡിമാന്റ് ചെയ്തതായും കാണുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(വിഷയം സംബന്ധിച്ച് 18.9.2017ൽ നൽകിയ 22-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 2-3-10 സഞ്ചയയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തതിലെ അപാകത

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നിർണ്ണയത്തിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ, 2016-17 വർഷം നിർമ്മാണം പൂർത്തിയായതും വസ്തുനികുതി നിർണ്ണയിച്ചതുമായ നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി, സഞ്ചയയിൽ 2013-14 വർഷം മുതൽ നിലവിൽ വന്നതായും ഡിമാന്റ് ചെയ്തതായും കാണുന്നു. ഇപ്രകാരം തെറ്റായി ഡിമാന്റ് ചെയ്തതിനാൽ 2016-17 വർഷത്തെ നികുതി ഈടാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല. മാത്രമല്ല സഞ്ചയ പ്രകാരം തെറ്റായ ഡിമാന്റ് കാണിക്കുകയും ചെയ്യുന്നു.

2016-17 വർഷം നികുതി നിർണ്ണയം നടത്തിയ എല്ലാ കെട്ടിടങ്ങളുടെയും സഞ്ചയ പ്രകാരമുള്ള നികുതി നിർണ്ണയം പരിശോധിച്ചത് ഏത് വർഷം മുതലാണ് നികുതി ഡിമാന്റ് ചെയ്തത് എന്ന് ഉറപ്പ് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3-11 55 ലക്ഷത്തോളം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 5,73,287/- |
| 431100102 | Residential (Arrear) | 18,01,163/- |
| 431100103 | Non-Residential (2016-17) | 11,28,463/- |
| 431100104 | Non-Residential (Arrear) | 20,61,586/- |

| | |
|---|---|
| ആകെ | 55,64,499/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക 55,64,499/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട് (5564499-264976(ലൈബ്രറി സെസ്സ്)=5299523). വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3-12 വസ്തുനികുതിപരിഷ്കരണം- വിശദാംശങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിന് 2011-ൽ സർക്കാർ പുറപ്പെടുവിച്ച, 14.1.2011-ലെ കേരള അസാധാരണ ഗസറ്റ് നം.82, 14.1.2011-ലെ വിജ്ഞാപനം (സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.20/2011/തസ്വഭവ) പ്രകാരം എസ്.ആർ.ഒ നം.37/2011 ആയി ഗ്രാമപഞ്ചായത്തുകളിലെ പ്രസിദ്ധീകരിക്കപ്പെട്ട പരിഷ്കരണ ചട്ടങ്ങൾ(കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കുറിച്ചി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.12.2011 ലെ 6-ാം നമ്പർ തീരുമാനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം, വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1' സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, 3.മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4.ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നോട്ടിഫിക്കേഷൻ നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (5/14.9.17)മറുപടിയിൽ നികുതി നിരക്കുകൾ നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ സേവന ഉപനികുതി 10 ശതമാനം ഈടാക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 11051 കെട്ടിടങ്ങളാണുള്ളത്. ഇവയില് 11000 കെട്ടിടങ്ങളുടെയും സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തി ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം, സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 60 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിട ഉടമകളിൽ നിന്നും സത്യവാങ്മൂലം വാങ്ങിയതിന് ശേഷമാണ് നികുതിയിളവ് നൽകുന്നത്.

സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. ആകെയുള്ള 13206 രസീതുകളിൽ 11245 എണ്ണമാണ് മാപ്പ് ചെയ്തിട്ടുള്ളത്. മാപ്പിംഗിന്റെ ശതമാനം 85.2.

## 2-4 ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിൽ നിന്നും 03.08.2016 ലെ എ4-4875/16 നമ്പരായി കെ.സി.സേവ്യർ, സൂസമ്മ സേവ്യർ എന്നിവർക്ക് പാർപ്പിടാവശ്യത്തിനുള്ള 181.82 ച.മീ തറവിസ്തീർണമുള്ള കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമയുടെ അപേക്ഷ, കെട്ടിടത്തിന്റെ പ്ലാൻ (പ്ലാൻ അപ്രൂവ്ഡ് എന്ന സീൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.), ഓവർസിയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതാണ്.

2.ഗ്രാമപഞ്ചായത്തിൽ നിന്നും 29.04.2016 ലെ എ4-2259/16 നമ്പരായി സാജൻ സി.ആൻഡ്രൂസ് എന്നയാൾക്ക് പാർപ്പിടാവശ്യത്തിനുള്ള 253.50 ച.മീ തറവിസ്തീർണമുള്ള കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടഉടമയുടെ അപേക്ഷ, കെട്ടിടത്തിന്റെ അപ്രൂവ്ഡ് പ്ലാൻ ഓവർസിയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ ആണ്.

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമുള്ള സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ പെർമിറ്റുകൾ നൽകിയപ്പോൾ പാലിച്ചിട്ടില്ല. ഉദാഹരണത്തിന് സർക്കുലറിലെ 6-ാമത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ, വിസ്തീർണം,

കെട്ടിടത്തിന്റെ കൈവശഗണം /ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൌകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ അപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഉപയോഗക്രമം വ്യത്യാസപ്പെടുത്തിയും സർക്കാർ നിർദേശം പാലിക്കാതെയും ബിൽഡിംഗ് പെർമിറ്റ് നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 കെട്ടിടങ്ങളുടെ ക്രമവൽക്കരണ നടപടികളിലെ അപാകത

2016-17 വർഷം ക്രമവൽക്കരണം നടത്തി വസ്തുനികുതി നിർണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതിനിർണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം, ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടങ്ങൾ 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഈ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുന്നതിന് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.സചിവോത്തമപുരം ക്ഷീരവ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം (തറവിസ്തീർണം-44.17 ച.മീ) ക്രമവൽക്കരിച്ച് 5/605 എ നമ്പർ നൽകിയിട്ടുണ്ട്. സാങ്കേതികവിഭാഗത്തിൽനിന്നും ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ടിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റില്ലാതെ നിർമ്മിച്ച ഈ കെട്ടിടത്തിന്റെ ക്രമവൽക്കരണഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിലില്ല.

2. പെർമിറ്റില്ലാതെ നിർമ്മിച്ചതും 3/15 എ എന്ന കെട്ടിടനമ്പർ ഉള്ളതുമായ 37 ച.മീ തറവിസ്തീർണമുള്ള ഇതരവ്യവസായം എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടം ക്രമവൽക്കരിച്ചതിന്റെയും ഫീസ് ഈടാക്കിയതിന്റെയും വിവരങ്ങൾ ഫയലിലില്ല. ഈ കെട്ടിത്തിന്റെ ക്രമവൽക്കരണത്തിനും നികുതിനിർണയത്തിനുമായി 29.09.2015 ൽ കെട്ടിടഉടമ അപേക്ഷ നൽകിയെങ്കിലും 03.05.2016 ൽ മാത്രമാണ് ഇതിന്മേൽ അന്വേഷണറിപ്പോർട്ട് നൽകിയത്. സഞ്ചയയിൽ 2013-14 വർഷം മുതൽ നികുതി നിർണയിക്കുകയും ഡിമാന്റ് ചെയ്യുകയും ചെയ്തതിനാലും ഫയലിൽ ഫാറം-6 ൽ നികുതിനിർണയം നടത്തിയിട്ടില്ലാത്തതിനാലും ഈ കെട്ടിടത്തിന് എന്നു മുതലാണ് നികുതി നിർണയിച്ചതെന്ന് വ്യക്തമല്ല.

3.മനോജ് കുര്യാക്കോസ് എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 94.50 ച.മീ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണത്തിൽ മേൽ സർക്കുലറിലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

4.പി.സി.രാജു എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 435.56 ച.മീ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള അന്വേഷണറിപ്പോർട്ട് മേൽപ്പറഞ്ഞ സർക്കുലർ പ്രകാരമുള്ളതല്ല. കെട്ടിടനിർമ്മാണം 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിച്ചുകൊണ്ടാണോയെന്നത് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 20.9.2017ൽ നൽകിയ 28-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

## 2-6 പഞ്ചായത്തിൽ ലഭിച്ച 19 ലക്ഷത്തിലധികം രൂപയുടെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

ധനകാര്യ പത്രികയിലെ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വിവിധ ഇനങ്ങളിലായി 19,38,832/- രൂപ ഡെപ്പോസിറ്റ് ലഭിച്ചത് ബാധ്യതയായി അവശേഷിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2016-17 വർഷത്തിനു മുൻപ് ലഭിച്ച നിക്ഷേപ തുകകൾ ലഭിച്ചതിന്റെ ഉറവിടം വ്യക്തമല്ല. തുക നിക്ഷേപിച്ച വ്യക്തികൾ, നിക്ഷേപ തീയതി എന്നിവ ലഭ്യമല്ലാത്തതിനാൽ ടി തുകകൾ കാലഹരണപ്പെട്ടതാണോ എന്നും വ്യക്തമല്ല. ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ സൂക്ഷിക്കാത്തതിനാൽ അവ തിരികെ ആവശ്യപ്പെടുമ്പോൾ നൽകുന്നതിന് പഞ്ചായത്തിൽ

രേഖകളില്ലാത്ത അവസ്ഥ സംജാതമാകുന്നു. കൂടാതെ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനും സാധിക്കില്ല. 340200102-Rent Deposit എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന 1,00,000/- രൂപയുടെ വിശദാംശം വാടക ഡിമാന്റ് രജിസ്റ്ററിലും ചേർത്തിട്ടില്ല. ആയതിനാൽ വാടകയ്ക്ക് ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ ഉപയോഗിക്കുന്ന കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയശേഷമാണോ മുറികൾ ഉപയോഗിക്കുന്നത് എന്നതും വ്യക്തമല്ല.

മേൽപറഞ്ഞ ഡെപ്പോസിറ്റുകളുടെ വിശദാംശം ലഭ്യമല്ലാത്തതിനാൽ 31.03.2017-ൽ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന 19.39 ലക്ഷം രൂപയ്ക്ക് പഞ്ചായത്തിൽ രേഖകളില്ല എന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/16.09.2017) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഫണ്ടിലുള്ള മേൽപറഞ്ഞ നിക്ഷേപ തുക ഏതെല്ലാം വ്യക്തി/സ്ഥാപനമാണ് ഒടുക്കിയത് എന്നും ഒടുക്കിയ തീയതിയും കണ്ടെത്തി Deposits Received രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപങ്ങളുണ്ടെങ്കിൽ ആയത് പരിശോധിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 2-7 വാടക ഒടുക്കാതെ കുത്തകക്കാരി ഷോപ്പിങ്ങ് കോംപ്ലെക്സ് മുറി ഉപയോഗിച്ചു

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സിലെ 8-ാം നം. മുറി അമ്പിളി പടിഞ്ഞാറേക്കരോട്ട്, ചാന്നാനിക്കാട് എന്ന് വ്യക്തിക്ക് വാടകയ്ക്ക് നൽകി. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2,432/- രൂപയാണ് മാസവാടക. ടി വ്യക്തിയുമായി പഞ്ചായത്ത് സെക്രട്ടറി വാടക കരാർ ചമച്ചിട്ടില്ല. 2016-17 വർഷത്തെ 12 മാസങ്ങളിലെ വാടക 29,184/- രൂപ കുടിശികയായി 31.03.2017-ലെ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നു. വാടക കരാർ ചമയ്ക്കാതെ പഞ്ചായത്ത് വക കെട്ടിടം വാടകയ്ക്ക് നൽകിയതിനും 29,184/- രൂപ കുടിശിക വരുത്തിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/16.09.2017) മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ കുത്തകക്കാരിയിൽ നിന്നും വാടക സെക്യൂരിറ്റി നിക്ഷേപം ഈടാക്കിയിട്ടുണ്ടോ എന്നും പഞ്ചായത്ത് രേഖകളിൽ വ്യക്തമല്ല.

2016-17 വർഷത്തിൽ കുടിശിക വരുത്തിയ 29,184/- രൂപയും പിഴപ്പലിശയും ടി കുത്തകക്കാരിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാടക കരാർ നിലവിലില്ലാത്തതിനാൽ കുത്തകക്കാരിയിൽ നിന്നും നിയമപരമായി വാടക ഈടാക്കാൻ സാധിക്കാതെ വന്നാൽ നടപടിക്രമങ്ങളിൽ വീഴ്ചവരുത്തി കുത്തകക്കാരിയെ ഒഴിപ്പിക്കാതെ തുടരാൻ അനുവദിച്ച പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-8 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - പൊതു അപാകതകൾ

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ നടപടിക്രമങ്ങളിലും വാടക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

- വാടക സംബന്ധിച്ച നടപടിക്രമങ്ങളും വ്യവസ്ഥകളും പ്രതിപാദിക്കുന്ന അംഗീകൃത ബൈ-ലോ നിലവിലില്ല. വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന അംഗീകൃത ബൈ-ലോ തയ്യാറാക്കേണ്ടതാണ്.
- 2016-17 വർഷം കുത്തകക്കാർക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 12 മുറികൾ വാടകയ്ക്ക് നൽകിയതായി ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. കുത്തകക്കാരുമായി 2016-17 വർഷം കരാർ ചമച്ചിട്ടില്ല. കുത്തകക്കാർ നൽകിയ മുദ്രപ്പത്രങ്ങൾ കരാർ എഴുതാതെ വെറുതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത നടപടി ക്രമപ്രകാരമല്ല.
- കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വാർഷിക ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം വാടക നിക്ഷേപമിനത്തിൽ 1 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്(340200101-Rent Deposit). ടി തുക ഒടുക്കിയ കുത്തകക്കാരുടെ പേരും വിശദാംശവും ബന്ധപ്പെട്ട രജിസ്റ്ററിൽ ഇല്ല. നിലവിലുള്ള കുത്തകക്കാർ വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്നത് 2016-17 ലെ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- അക്രൂവൽ ചെയ്യുന്ന വരവിനമായ വാടകയുടെ 2016-17 വർഷത്തെ ഡി.സി.ബി. പത്രിക (Demand-Collection-Balance Statement) തയ്യാറാക്കിയിട്ടില്ല.

മേൽവിവരിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30/20.09.2017) നൽകിയതിന് മറുപടി ലഭ്യമായില്ല. അപാകതകൾ ഓരോന്നും പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 22,235/- രൂപ വാടക കുടിശികയുടെ വിശദാംശം ലഭ്യമല്ല

31.03.2017-ലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലെ കണക്ക് ശീർഷകം 431400102-Rent Receivables from Buildings(Arrears) പ്രകാരം, 2016-17 വർഷത്തിനു മുൻപുള്ള കാലയളവിലെ വാടകയിനത്തിൽ 22,235/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് പ്രസ്തുത തുക ലഭിക്കാനുള്ളത് എന്നതിന്റെ വിശദാംശം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ ഇല്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/20.09.2017) മറുപടി ലഭ്യമായില്ല.
വാടക കുടിശ്ശിക ഏത് കുത്തകക്കാരനാണ് ഒടുക്കാനുള്ളത് എന്നതിൽ വ്യക്തതയില്ലാത്തതിനാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. വാടക കുടിശിക 22,235/- രൂപ നൽകാനുള്ള കുത്തകക്കാരനെ കണ്ടെത്തി തുക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-10 സ്ഥാപനങ്ങൾ-ടെയ്ഡേഴ്സ് തൊഴിൽ നികുതി--കണക്കുകളിൽ അപാകത

പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം തൻവർഷം സ്ഥാപനങ്ങൾ, ടെയ്ഡേഴ്സ് തൊഴിൽ നികുതിയിനത്തിൽ ഡിമാന്റ് 4,05,390/- രൂപയാണ്. 2,96,190/- രൂപ തൻവർഷം ലഭിക്കുകയും 97,200/-. ഡിമാന്റ് ചെയ്തതിൽ ലഭിക്കാനായി 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 12,000/- രൂപ അവശേഷിക്കുന്നു. കുടിശികയിനത്തിൽ ഡിമാന്റ് ചെയ്ത 56,290/- രൂപ ലഭിച്ചതായി 2016-17 ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ വ്യക്തമാകുന്നു. എന്നാൽ പ്രസ്തുത തുകകൾ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഈടാക്കിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. സ്ഥാപനങ്ങൾ-ടെയ്ഡേഴ്സ് എന്നിവയുടെ തൊഴിൽ നികുതി കണക്കുകളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

ഡി & ഒ ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ 306 വ്യാപാരികൾക്ക് ലൈസൻസ് നൽകിയതായും ടി വ്യാപാരികളിൽ നിന്നും 4,26,490/- രൂപ തൊഴിൽ നികുതി ലഭിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സ്ഥാപന തൊഴിൽ നികുതിയുടെ വിശദാംശം ലഭ്യമല്ല. ടെയ്ഡേഴ്സിൽ നിന്ന് മാത്രം 4,26,490/- രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ടെയ്ഡേഴ്സ്, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ആകെ ലഭിച്ചത് 3,93,390/- രൂപ മാത്രമാണ്. വാർഷിക കണക്കുകളിലെ മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്(നം.9/16.09.2017) മറുപടി ലഭ്യമായില്ല. വാർഷിക കണക്കുകൾ പ്രകാരം വരവിൽ വന്ന വ്യത്യാസം രേഖകൾ ഹാജരാക്കി വ്യക്തമാക്കേണ്ടതാണ്.

## 2-11 സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൊതുമേഖല ബാങ്കുകൾ, സഹകരണ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ലിസ്റ്റ് തയ്യാറാക്കി 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/16.09.2017) നൽകിയതിന് മറുപടി ലഭ്യമായില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിലെ ഇൻഡെക്സ് പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥമായ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കുറിച്ചി |
| 2. | ഇളംകാവ് വിദ്യാമന്ദിരം, മലകുന്നം |
| 3. | മുത്തൂറ്റ് ഫിൻകോർപ് ലിമിറ്റഡ്, കുറിച്ചി |
| 4. | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, കുറിച്ചി |
| 5. | കാനറാ ബാങ്ക്, കുറിച്ചി |
| 6. | ഇത്തിത്താനം ജനത സർവ്വീസ് സഹകരണ ബാങ്കും ശാഖകളും |
| 7. | ഇത്തിത്താനം സർവ്വീസ് സഹകരണ ബാങ്കും ശാഖകളും |
| 8. | കുറിച്ചി സർവ്വീസ് സഹകരണ ബാങ്കും ശാഖകളും |
| 9. | ദി രാജാസ് ഇന്റർനാഷണൽ സ്കൂൾ |
| 10. | ഹോമിയോപ്പതിക് റിസേർച്ച് എംപ്ലോയീസ് സഹകരണ സംഘം |

| | |
|---|---|
| 11. | പാലത്തറ കൺസ്ട്രക്ഷൻസ്-കുറിച്ചി |
| 12. | കോട്ടയം ജില്ല സഹകരണ ബാങ്ക് ലിമിറ്റഡ്-കുറിച്ചി |
| 13. | ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്, കുറിച്ചി |
| 14. | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ കുറിച്ചി |
| 15. | നോയൽ ഫിനാൻസ്, നീലംപേരൂർ |
| 16. | മണി ലെൻഡേഴ്സ്, ഇത്തിത്താനം |
| 17. | സുധ ഫിനാൻസ്, എസ്. പുരം |
| 18. | നാഷണൽ ഫിനാൻസ്, മലകുന്നം |
| 19. | ശ്രീനാരായണ ബാങ്കേഴ്സ്, ഔട്ട് പോസ്റ്റ് |
| 20. | മുളമൂട്ടിൽ ഫിനാൻസ്, ഇത്തിത്തി |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് വൻതുക നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശികയായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി. എന്നിവ തയ്യാറാക്കി നികുതി ഒടുക്കിയതിന്റെ വിശദാംശം ഉൾപ്പടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-12-1 ഡി & ഒ ട്രേഡ് ലൈസൻസ് നടപടിക്രമങ്ങളിലെ അപാകതകൾ

കുറിച്ചി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഡി & ഓ ട്രേഡ് ലൈസൻസ് സംബന്ധിച്ച പൊതു അപാകതകളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

1. പഞ്ചായത്ത് പരിധിയിലുള്ള ട്രെയ്ഡേഴ്സിന്റെ വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രെയ്ഡറെ സംബന്ധിച്ച എല്ലാ വിശദാംശവും അടങ്ങിയ (സ്ഥാപനത്തിന്റെ പേര്, വിലാസം, വിണിജ്യ-വ്യവസായത്തിന്റെ ഇനം തുടങ്ങിയവ, കെട്ടിട നം.) ട്രെയ്ഡേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കേണ്ടതാണ്. ട്രെയ്ഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യേണ്ടത്.
2. ധനകാര്യ പത്രിക പ്രകാരം 2016-17 വർഷം, ഡി & ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാന്റ് 1,38,150/-രൂപയാണ്. മുൻവർഷത്തെ ഡിമാന്റ് തുക 1,83,350/- രൂപയായിരുന്നു. 25 ശതമാനത്തോളം തുക മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നത് ഡി & ഓ ട്രേഡ് ലൈസൻസ് ഡിമാന്റിലെ അപാകതകൾ വ്യക്തമാക്കുന്നു.
3. ഡി & ഒ ട്രേഡ് ലൈസൻസ് അപേക്ഷകളിൻമേൽ അന്വേഷണം നടത്തി ലൈസൻസ് ഫീസ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. മിക്ക പരിശോധന റിപ്പോർട്ടിലും അപേക്ഷപ്രകാരമുള്ള വിറ്റുവരവ് തന്നെയാണ് ചേർത്തിട്ടുള്ളത്. ശരാശരി ദിവസ വിറ്റുവരവ്, യന്ത്രസാമഗ്രികളുടെ ക്ഷമത എന്നിങ്ങനെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിച്ചാണ് ലൈസൻസ് നൽകേണ്ടത്.
4. സഞ്ചയ സോഫ്റ്റ്വെയറിലെ റവന്യൂ മൊഡ്യൂളിലെ വിശദാംശം പ്രകാരം 1000 ത്തിലധികം കെട്ടിടങ്ങൾ വാണിജ്യ-വ്യസായങ്ങൾ എന്ന ആവശ്യത്തിനായി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത അസസ്മെന്റ് അടിസ്ഥാനപ്പെടുത്തി ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിനായി ട്രെയ്ഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
5. ഡി & ഓ ട്രേഡ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ലൈസൻസ് ഫീസിന്റെ പോസ്റ്റിങ്ങ് കൃത്യമായി നടത്തേണ്ടതും ഡി.സി.ബി. തയ്യാറാക്കേണ്ടതുമാണ്.
6. ലൈസൻസ് നൽകുന്ന സ്ഥാപനത്തിന് മറ്റ് സർക്കാർ വകുപ്പുകൾ/ഏജൻസികളുടെ അനുമതി ആവശ്യമുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് കൂടി ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഡി & ഒ ട്രേഡ് ലൈസൻസ് നടപടികൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-12-2 ക്ഷീരസംഘങ്ങളുടെ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ഡി & ഒ ട്രേഡ് ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ചുമത്തുകയോ ചെയ്തിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ

വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരമുള്ള 1-ാം പട്ടികയിലെ ഇനം-132 ൽ പാലും പാലുൽപ്പന്നങ്ങളും സംഭരിക്കുകയും വിപണനം ചെയ്യുന്നതുമായ സ്ഥാപനങ്ങൾക്ക് ഡി & ഒ ട്രേഡ് ലൈസൻസ് ബാധകമാണ്. 2016-17 വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രോജക്ട് (നം.S0052/17) ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ക്ഷീരസംഘങ്ങൾ മുഖേന നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് |
|---|---|
| 1. | മലകുന്നം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നം.K.61(D) APCOS, മലകുന്നം പി.ഒ. |
| 2. | സചിവോത്തമപുരം ക്ഷീരോൽപാദക സഹകരണ സംഘം ലിമിറ്റഡ് നം. K.290, സചിവോത്തമപുരം, കുറിച്ചി |

പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ട് നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത ക്ഷീരസംഘത്തിൽ നിന്നും ഡി & ഒ ട്രേഡ് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഡിമാന്റ് ചെയ്യാതിരുന്നത് മേൽപറഞ്ഞ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണ്. മേൽപറഞ്ഞ അപാകതയ്ക്കും ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/19.09.2016) മറുപടി ലഭ്യമായില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തെ ഡി & ഒ ട്രേഡ് ലൈസൻസ് ഫീസും തൊഴിൽ നികുതിയും കുടിശികയായി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-13 ഇ-ടെൻഡർ- ടെൻഡർ ഫോറവില പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ലഭിച്ചിട്ടില്ല

താഴെപ്പറയുന്ന മരാമത്ത് വേലകൾ ഇ ടെണ്ടർ മുഖേനയാണ് നിർവഹിക്കപ്പെട്ടത്. എന്നാൽ പ്രസ്തുത വർക്കുകളുടെ ടെണ്ടർ ഫോം വിലയായി കരാറുകാർ ഒടുക്കിയ ടെണ്ടർ ഫോം വില എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേക്ക് നാളിതുവരെ മാറ്റി നൽകിയിട്ടില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് കോസ്റ്റ് | ടെണ്ടർ വാങ്ങിയവരുടെ എണ്ണം | ടെണ്ടർഫോം വില |
|---|---|---|---|---|---|
| 1 | 133/16-17 | ഔട്ട്പോസ്റ്റ്-പഞ്ചായത്ത് സ്റ്റേഡിയം റോഡ് നിർമ്മാണം | 10,00,000 | 1 | 2100 |
| 2 | 115/16-17 | ഗവ.എൽ.പി.എസ്- നീലംപേരൂർ പള്ളി റോഡ് സംരക്ഷണഭിത്തി | 6,00,000 | 2 | 1260*2 |

പ്രസ്തുത തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ കുറിച്ചി ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-15 പ്രത്യക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത

31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യക ആവശ്യത്തിനായി ലഭിച്ച 4 ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 3 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | ലഡ്ജറിലെ രേഖപ്പെടുത്തൽ |
|---|---|---|
| 1. | 320700304 | 15.02.2012-ൽ വൗച്ചർ നം.11101400009 (ചെക്ക് നം. 547839/14.02.2012) പ്രകാരം ലഭിച്ച 6.5 ലക്ഷം രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 585,000/- രൂപ. അങ്കണവാടി പോഷകാഹാരം നൽകുന്നതിന് ലഭിച്ചതായി Narration നൽകിയിരിക്കുന്നു |
| 2. | 320700404 | 06.02.2013-ൽ വൗച്ചർ നം.11201400027 (733990/29.01.2013) പ്രകാരം 75,000/- രൂപ ലഭിച്ചു. Waste Disposing പ്രോജക്ടിന് ലഭിച്ചതായി Narration നൽകിയിരിക്കുന്നു |
| 3. | 320700405 | 31.10.2011-ൽ വൗച്ചർ നം.11102100050 പ്രകാരം 50,000/- ക്യാഷ് ആയി ലഭിച്ചു. Vrs For Panchayath Cash Book എന്ന് Narration നൽകിയിരിക്കുന്നു |
| 4. | 320900101 | 27.06.2014-ൽ 11401500002 വൗച്ചർ(ചെക്ക് നം. 053506/25.06.2014) പ്രകാരം ലഭിച്ച 2.5 ലക്ഷം രൂപ. 2010-11 ലെ നിർമ്മൽ പുരസ്കാര തുക അവസാന ഗഡു എന്ന് Narration നൽകിയിരിക്കുന്നു |

മേൽ വിവരിച്ച ഗ്രാന്റുകളുടെ ആകെത്തുക 9.6 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത ഗ്രാന്റുകളിൽ ക്രമ നം.1,2,3 എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചതാണ്. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 9.6 ലക്ഷം രൂപയുടെ ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ നടപടികൾ പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-16 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

കുറിച്ചി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡായ മെയിൻ സെൻട്രൽ റോഡ്(MC Road), കുറിച്ചി ടൗൺ എന്നീ പ്രദേശങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി നിരക്ക് സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരമുള്ള പരസ്യ നികുതി ചുമത്തിയിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കേണ്ടതാണ്. പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ്മെയിൻ, വൈദ്യുത മീറ്റർ സ്ഥാപിക്കൽ-എഗ്രിമെന്റ് വയ്ക്കാതെ 61.43 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറി--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല; ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോ. നം -152/17

അടങ്കൽ -61,44,600/-

ചെലവ്- 61,43,095/-

ഗ്രാമപഞ്ചായത്തിന്റെ എല്ലാവാർഡുകളിലും വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ, വൈദ്യുതമീറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ചുവടെ ചേർക്കുംപ്രകാരം ആകെ 61,43,095/- രൂപ കറിച്ചി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയിട്ടുണ്ട്.

| നൽകിയ തുക | ബിൽനമ്പർ |
|---|---|
| 31,46,581 | 22/16-17തീ.4.3.17 |
| 8,83,293/- | 23/16-17തീ.4.3.17 |
| 9,70,126/- | 24/16-17തീ.4.3.17 |
| 4,00,000 | 30/16-17തീ.30.3.17 |
| 5,67,224 | 31/16-17തീ.30.3.17 |
| 1,75,871 | 32/16-17തീ.30.3.17 |
| ആകെ 61,43,095 | |

മേൽ പ്രവൃത്തിക്കായി പഞ്ചായത്ത് ആദ്യം തയ്യാറാക്കി അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം ആകെ അടങ്കൽ 50,00,000/-രൂപയായിരുന്നു. എന്നാൽ പിന്നീട് കെ.എസ്.ഇ.ബി.യിൽ നിന്നും സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷന് വേണ്ടി മാത്രം 54,00,000/- രൂപ ചെലവുവരുന്ന എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിവൈസ് ചെയ്യുകയാണുണ്ടായത്. റിവൈസ്ഡ് പ്രോജക്ട് പ്രകാരം തുക കൈമാറിയതിനുശേഷം മീറ്റർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്തുനൽകണമെന്നാവശ്യപ്പെട്ട് 29.3.17- ൽ പഞ്ചായത്ത് കത്ത് നൽകിയതിനെ തുടർന്ന് 30,00,000/- രൂപ അടവാക്കണമെന്ന് അതേ ദിവസം തന്നെ കെ.എസ്.ഇ.ബി. കത്ത് നൽകിയതായും കാണുന്നു. ഇതനുസരിച്ച് ആകെ 84,00,000/-രൂപയാണ് പ്രോജക്ടിനുവേണ്ടിയുള്ള കെ.എസ്.ഇ.ബി-യുടെ ഡിമാന്റ് തുക. ഇത് പഞ്ചായത്തിന്റെ റിവൈസ്ഡ് പ്രോജക്ട് തുകയേക്കാളും 22,55,400/-രൂപ അധികരിച്ച തുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി ഏകദേശചെലവ് നിർണ്ണയിക്കാതെ പ്രോജക്ട് ആസൂത്രണം ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാണ്. മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപിക്കേണ്ട ലോക്കേഷൻ, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ 30,00,000/- രൂപ നിർണ്ണയിച്ചത് എപ്രകാരമെന്നും വിശദമായ എസ്റ്റിമേറ്റ് കൂടാതെ പഞ്ചായത്ത് കെ.എസ്.ഇ.ബി.യ്ക്ക് തുക കൈമാറാനുണ്ടായ സാഹചര്യവും വ്യക്തമല്ല. 61 ലക്ഷത്തിലധികം രൂപ നിർവ്വഹണ ഏജൻസിക്ക് കൈമാറി നൽകിയെങ്കിലും പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച വ്യവസ്ഥകൾ സംബന്ധിച്ച് (പ്രവൃത്തി ആരംഭിക്കേണ്ടതും പൂർത്തീകരിക്കേണ്ടതുമായ തീയതികൾ ഉൾപ്പെടെ) നിയമാനുസരണം നിർവ്വഹണ ഏജൻസിയുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. കരാർവയ്ക്കാതെ ഇത്രയുംവലിയ തുക നിർവ്വഹണ ഏജൻസിക്ക് നൽകിയ നടപടി ക്രമപ്രകാരമല്ല.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മറ്റ് അപാകതകളും ശ്രദ്ധയിൽപ്പെട്ടു.

1)ട്രഷറിയിൽ നിന്നും വിവിധ ബില്ലുകൾകൾ പ്രകാരമുള്ള തുകകൾ നേരിട്ട് കെ.എസ്.ഇ.ബി-യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും ഫയലിൽ സൂക്ഷിച്ചിട്ടുള്ള കെ.എസ്.ഇ.ബി-യുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.17-ലെ ബിൽ നമ്പർ 32/17പ്രകാരമുള്ള 1,75,871/-രൂപ ക്രഡിറ്റ് വന്നിട്ടില്ല. എന്നാൽ അടവാക്കിയ തുകയുടെ വിവരം അറിയിക്കണമെന്ന പഞ്ചായത്തിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ ടി തുക ഉൾപ്പെടെ ലഭ്യമായിട്ടുള്ളതായി കെ.എസ്.ഇ.ബി കത്ത് നൽകിക്കാണുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ക്രഡിറ്റ് വരാത്തതിന്റെ കാരണം വ്യക്തമല്ല.

2)പ്രോജക്ട് പ്രവർത്തനം പരിശോധിച്ച് വിലയിരുത്തുന്നതിനായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. മോണിറ്ററിംഗ് സമിതിയുടെ അഭാവത്തിൽ പ്രോജക്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ പുരോഗതി വിവരങ്ങളും വ്യക്തമായിട്ടില്ല.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും (എൻക്വയറി നമ്പർ- 30) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിലും

പ്രവൃത്തിക്കായി കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലും 61,43,095/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഏജൻസിയുമായി നിയമാനുസരണം കരാർ ചമയ്ക്കേണ്ടതും മറ്റ് അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ സഹിതം ചെലവുതുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 രേഖകളില്ല - 10,61,378/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 വർഷം, സെക്രട്ടറിക്ക് നിർവ്വഹണച്ചുമതല ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധയ്ക്ക് ലഭ്യമായിട്ടില്ല.

| പ്രോജക്ട് | ചെലവുതുക | ബിൽ നമ്പർ | വൗച്ചർ നമ്പർ |
|---|---|---|---|
| 1/16-17-തെരുവുവിളക്ക് റിപ്പയറിംഗ്, മെയിന്റനൻസ് | 3,88,909/- | 14/16-17തീ.16.12.16 | 21600936/31.3.17 |
| 38/16-17-എസ്.എസ്.എ.വിഹിതം അടവാക്കൽ | 6,72,469/- | 16/16-17തീ.16.12.16 | 21600706/27.1.17 |
| ആകെ 10,61,378/- | | | |

മേൽപ്പറഞ്ഞ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 18.9.17-ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് പൂർത്തീകരിക്കുന്ന തീയതിവരേയും ഫയലുകൾ ലഭ്യമായില്ല. ഫയലുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നം. - 32) മറുപടി ലഭിച്ചിട്ടില്ല. വൗച്ചർ തീയതിക്ക് വളരെ മുൻപുള്ള തീയതിയാണ് ട്രഷറിബില്ലിന്റേത് എന്ന് കണ്ടതിനാൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിലവിലുള്ള അക്കൗണ്ടന്റ് ചാർജെടുത്തപ്പോൾ ട്രഷറിയിൽനിന്നും ചെലവ് വന്നിട്ടുണ്ടെന്ന് ബോധ്യപ്പെടുകയും എന്നാൽ വൗച്ചറോ മറ്റ് അനുബന്ധരേഖകളോ ലഭ്യമാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പിന്നീട് വൗച്ചർ തയ്യാറാക്കി ബിൽ രജിസ്റ്ററിൽ എൻട്രി വരുത്തുകയായിരുന്നുവെന്ന് ടിയാൾ വിശദീകരിക്കുകയുണ്ടായി. വൗച്ചർ തയ്യാറാക്കാതെ എപ്രകാരമാണ് ട്രഷറിയിൽനിന്നും തുക പിൻവലിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായി ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുള്ള ആകെത്തുകയായ 10,61,378/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 റിക്കവർ ചെയ്ത തുകകൾ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവർ ചെയ്ത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ വൗച്ചറിനൊപ്പം ഇല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | |
|---|---|---|---|
| 1 | 21600206 / 24.6.16 -6000 | 6,000 | ശ്രീ.മാത്യു, മുത്തു എന്നിവരുടെ കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ റിക്കവറി |
| 2 | 21600207 / 24.6.16 -14000 | 14,000 | ശ്രീ.മാത്യു,സുജാത എന്നിവരുടെ കെ.എസ്.എഫ്.ഇ.ലോൺറിക്കവറി |
| 3 | 21600240 / 5.7.16 -14000 | 4,000 | ശ്രീ.മാത്യുവിന്റെ കെ.എസ്.എഫ്.ഇ.ലോൺറിക്കവറി |
| 4 | 21600241 / 5.7.16 -6000 | 3,000 | ശ്രീ.മാത്യുവിന്റെ കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ റിക്കവറി |
| | ആകെ | 27,000 | |

ടി തുകകൾ അടവാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 18.9.17ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 27,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 മഴക്കാല പൂർവ്വ ശുചീകരണത്തിനായി നല്കിയ തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ തുക 36,550 രൂപയും (വൗച്ചർ നം.21600179/15.6.16) തനത് ഫണ്ട് 1,63,450 രൂപയും (21600180/15.6.16) ഉൾപ്പെടെ 2,00,000 രൂപ മെഡിക്കൽ

ഓഫീസർ, സി.എച്ച്.സി സചിവോത്തമപുരത്തിന് നല്കിയിട്ടുണ്ട്. ടി തുക മെഡിക്കൽ ഓഫീസർ 20 വാർഡുകളിലെ വാർഡു തല ശുചിത്വ സാനിട്ടേഷൻ കമ്മിറ്റികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 6/16 ൽ കൈമാറി നല്കി. ടി തുക ജൂൺ 16 ൽത്തന്നെ വിവിധ വാർഡുകളിൽ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുമുണ്ട്. എന്നാൽ 6-ാം വാർഡിലെ വാർഡു തല ശുചിത്വ സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് (എസ്.ബി.റ്റി കുറിച്ചി ശാഖ, അക്കൗണ്ട് നം.67039990074) 24.6.16 ൽ 10,000 രൂപ നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ടി തുക ചെലവഴിച്ചിട്ടില്ല. 31.3.17 ൽ ടി അക്കൗണ്ടിൽ 11,231 രൂപ ബാലൻസ് നില്ക്കുന്നതായി കാണുന്നു. 2016-17 വർഷത്തിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 21.06.17 ൽ വീണ്ടും 10,000 രൂപ നല്കിയിട്ടുണ്ട്. ടി തുകയും നാളിതുവരെ ചെലവഴിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. (എൻക്വയറി നം.33) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി നല്കിയ തുക ഒരു വർഷം കഴിഞ്ഞിട്ടും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന നടപടി ശരിയല്ല. ടി തുകകൾ ചെലവഴിക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-5 ടാർ വാങ്ങൽ -4,286/-രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റ് TSB അക്കൗണ്ടിലവശേഷിക്കുന്നു

2016-17 വർഷം അംഗീകാരം ലഭിച്ച 5 റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറിന്റെ വിലയിനത്തിൽ ആകെ 3,18,804/-രൂപ നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനീയർ വിവിധ തീയതികളിലായി ട്രഷറിയിൽനിന്നും പഞ്ചായത്തിന്റെ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്തിരുന്നു. എന്നാൽ മാർക്കറ്റ്നിരക്കിലുണ്ടായ വ്യതിയാനംമൂലം ബി,പി,സി.എൽ- ന്റെ ഇൻവോയ്സ് പ്രകാരമുള്ള വില 3,14,518 രൂപ മാത്രമേ സ്ഥാപനത്തിന് നൽകേണ്ടിവന്നുള്ളൂ. (ഡി.ഡി.നമ്പർ 254794/22.3.17) 4,286/-രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിലവശേഷിക്കുന്നു. ആയതിനാൽ റ്റി.എസ്.ബി.അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന റോഡ്സംരക്ഷണ ഗ്രാന്റ് 4,286/-രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-6 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ--അപാകതകൾക്ക് വിശദീകരണം ലഭ്യമായിട്ടില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.75/16-17

അടങ്കൽ-6,00,000/- (177850വി.ഫണ്ട് +422150 ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)

ചെലവ് -5,99,999/-(177899 ബിൽനം.34/16-17 തീ.30.3.17

422150/-ബിൽ നം.35/16-17 തീ.30.3.17

തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനു വേണ്ടിയുള്ള മേൽ പ്രോജക്ടിന് ടെൻഡർ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി രണ്ട് ടെൻഡറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിജയ് ഏജൻസിസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് (പഞ്ചാ.കമ്മിറ്റി തീരുമാനം നം.2/14-3-17 ) 17-3-17-ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും 22-3-17-ൽ സപ്ളൈ ഓർഡർ നൽകുകയും ചെയ്തു. സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ഉപകരണങ്ങളുടെ വിലയിനത്തിൽ ചുവടെചേർക്കും പ്രകാരം 5,99,999/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം /അളവ് | നിരക്ക് | ആകെ |
|---|---|---|---|
| ക്രോമ് പ്റ്റൺ എൽ.ഇ.ഡി.18w | 1946 | 276.19 | 537465.74 |
| പി.വി.സി.അലൂമിനിയം വയർ | 30 | 265.71- | 7971 |
| പ്ലാസ്റ്റിക് ഹോൾഡർ | 1605 | 14.85 | 23834.25 |
| ആകെ | | | 569271.29 |
| ഔട്ട്പുട്ട് വാറ്റ്(5%) | | | 27271.85 |
| ഔട്ട്പുട്ട് വാറ്റ്(14.5%) | | | 3455.97 |
| ആകെ | | | 5,99,999/- |

പ്രോജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾചുവടെ ചേർക്കുന്നു.

1)ആവശ്യമായ വിളക്കുകളുടെ എണ്ണവും വിളക്കുകൾ സ്ഥാപിക്കേണ്ട ലൊക്കേഷനുകളും നിർണ്ണയിച്ചിരുന്നില്ല.

2)ലഭ്യമായ തെരുവുവിളക്കുകൾ സ്ഥാപിച്ചതിന്റെ വിവരം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

ഇൻവോയ്സ് പ്രകാരം 1605 ഹോൾഡറുകൾക്കുള്ള തുക നൽകിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് പ്രകാരം 1585 എണ്ണമേ ലഭ്യമായിട്ടുള്ളൂ.

3)സപ്ലൈ ഓർഡർപ്രകാരം ആവശ്യപ്പെടാത്ത സാധനവും (ഷേയ്ഡ്-664എണ്ണം) പ്രസ്തുത പ്രോജക്ട് പ്രകാരം ലഭിച്ചതായി സ്റ്റോക്കിലുൾപ്പെടുത്തിയിരിക്കുന്നു.

| ഉപകരണം | ഇൻവോയ്സ് പ്രകാരം ലഭ്യമായത് | സ്റ്റോക്ക് പ്രകാരം ലഭ്യമായത് | വിതരണം ചെയ്തത് |
|---|---|---|---|
| എൽ.ഇ.ഡി ബൾബ് | 1946 | 1946 | 1955 |
| ഹോൾഡർ | 1605 | 1585 | 1534 |
| അലൂമിനിയം വയർ | 30 | 30+10 | 46 |
| ഷേയ്ഡ് | - | - | 664 |

വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് പൂർണ്ണമല്ല. മാത്രമല്ല വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബി. എഞ്ചിനീയറോ, ഓവർസിയറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിനായുള്ള 5,99,999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 എസ്.ടി കുട്ടികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോ.നം. | 161/17 | |
| അടങ്കൽ | വികസന ഫണ്ട്(ടി.എസ്.പി) | 1,00,000 |
| ചെലവ് | വികസന ഫണ്ട്(ടി.എസ്.പി) | 50,000 |
| ബിൽ നം. | 21/31.3.17 | 50,000 |

എസ്.ടി. കുട്ടികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ എബിൻ പ്രദീപ്, പടിഞ്ഞാറെ പഴപ്പറമ്പ് എന്ന വിദ്യാർത്ഥിയ്ക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 50,000 രൂപ അഡ്വാൻസ് നല്കിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 എസ്.ടി കുട്ടികൾക്ക് സൈക്കിൾ -സബ്സിഡി തുക പണമായി നല്കി

| | | |
|---|---|---|
| പ്രോ.നം. | 160/17 | |
| അടങ്കൽ | വികസന ഫണ്ട്(ടി.എസ്.പി) | 3,741 |
| | തനത് ഫണ്ട് | 259 |
| ചെലവ് | വികസന ഫണ്ട്(ടി.എസ്..പി) | 3,741 |
| | തനത് ഫണ്ട് | 259 |
| ബിൽ നം. | 14/27.3.16 | 3,741 |

എസ്.ടി കുട്ടികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രോജക്ടിൽ അഞ്ജലി അനിൽകുമാർ, പ്ളാമറ്റം .എസ് പുരം എന്ന വിദ്യാർത്ഥി സൈക്കിൾ വാങ്ങിയതായും സൈക്കിൾ വാങ്ങിയതിന്റെ ബിൽ വിദ്യാർത്ഥി ഹാജരാക്കിയപ്പോൾ ആയതിന്റെ വിലയായി 4,000 രൂപ വിദ്യാർത്ഥിയ്ക്ക് നല്കിയതായും കാണുന്നു. ജി.ഒ.(എം.എസ്.)4/16 തസ്വഭവ 11.1.16 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റ് പ്രകാരം വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കാവുന്നതാണെന്നും സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതാണെന്നും വ്യക്തമാക്കുന്നു. ഉത്തരവിന് വിരുദ്ധമായി, സൈക്കിൾ വാങ്ങിയതിന്റെ സബ്സിഡി പണമായി നല്കുകയാണുണ്ടായത്. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി ഒരു സൈക്കിൾ മാത്രം ഉള്ളതിനാൽ ക്വട്ടേഷൻ

ക്ഷണിച്ചിട്ട് വ്യാപാരികൾ ആരും മുന്നോട്ട് വരാത്ത സാഹചര്യത്തിലാണ് തുക പണമായി നല്കിയെന്ന് മറുപടി നല്കി. സബ്സിഡി തുക ഇപ്രകാരം പണമായി നല്കുന്ന പ്രവണത കർശനമായും ഒഴിവാക്കേണ്ടതാണ്.

## 3-9 കാരിക്കുഴി പാടശേഖരത്തിന് പെട്ടിയും പറയും- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല-- 2,65,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.165/17

അടങ്കൽ - 2,85,000/-രൂപ(വി.ഫ-ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്- 2,65,500/- രൂപ

2016-17 വർഷം, കൃഷി ഓഫീസർ നിർവഹണം നടത്തിയ കാരിക്കുഴി പാടശേഖരത്തിന് പെട്ടിയും പറയും എന്ന പ്രോജക്ടിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 20 HP മോട്ടോറിന് അനുയോജ്യമായ പെട്ടിപറ വാങ്ങി പാട ശേഖരസമിതി സെക്രട്ടറിക്ക് നൽകിയതായി കാണുന്നു. എന്നാൽ സ്ഥാപനവുമായുള്ള കരാറിൽ സ്ഥാപനത്തിന്റെ അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പാടശേഖരസമിതിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പാടശേഖരസമിതിയുമായി കരാറിലേർപ്പെടാതെ പെട്ടി പറ നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 15.9.2017ൽ നൽകിയ 1-ാം നമ്പർ അന്വേഷണക്കുറിപ്പിന് പെട്ടിയും പറയും പുഞ്ച കൃഷിക്ക് ഉപയോഗിച്ചതിന് ശേഷം പ്രവർത്തനക്ഷമതാ റിപ്പോർട്ടും പാടശേഖരസമിതിയുമായുള്ള കരാറും ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സ്ഥലപരിശോധനയിൽ കാരിക്കുഴി പാടശേഖരത്തിന്റെ മോട്ടോർ തറയ്ക്ക് സമീപത്തുള്ള ആൾത്താമസമില്ലാത്ത വീടിന് പുറത്ത് പെട്ടിയും വീട്ടിനുള്ളിൽ പറയും സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ ഈ പ്രോജക്ടിന് ചെലവഴിച്ച 2,65,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പെണ്ണാട് വിതരണം - ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | പെണ്ണാട് വിതരണം (എസ്.സി. പ്രോജക്ട്) | |
| പ്രോജക്ട് നം.; വർഷം | S0077/17; 2016-17 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| അടങ്കൽ | 12 ലക്ഷം രൂപ (9 ലക്ഷം വികസനഫണ്ട് - എസ്.സി.പി.,<br>3 ലക്ഷം ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) | |
| ചെലവ് | 4,20,000/- രൂപ | |
| ചെലവ് വിശദാംശം | Bill No.PP1/2016-17/15.03.2017 | 75,000/- |
| | Bill No.PP5/2016-17/28.03.2017 | 90,000/- |
| | Bill No.PP6/2016-17/31.03.2017 | 1,35,000/- |
| | Bill No.PP9/2016-17/31.03.2017 | 1,05,000/- |
| | Bill No.PP11/2016-17/31.03.2017 | 15,000/- |

മേൽ പ്രോജക്ട് പ്രകാരം, 7 മുതൽ 10 മാസം വരെ പ്രായമുള്ള 3 പെണ്ണാടുകളെ വീതം 28 ഗുണഭോക്താക്കൾക്ക് (ആകെ 84 ആടുകൾ) വിൽക്കാൻ സന്നദ്ധരായവരിൽ നിന്നും ലഭ്യമാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ചെവിയിൽ ടാഗ് ചെയ്ത് നൽകിയതായി വാല്യുവേഷൻ സർട്ടിഫിക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. 3 പെണ്ണാടുകൾക്ക് 20,000/- രൂപ വാല്യുവേഷൻ കണക്കാക്കി മൂല്യത്തിന്റെ 75% തുകയായ 15,000/- രൂപ വീതമാണ് പ്രോജക്ടിലൂടെ സബ്സിഡി അനുവദിച്ചത്. 84 ആടുകളുടെ ടാഗ് നം., ഉടമസ്ഥനായ ഗുണഭോക്താവിന്റെ പേര് എന്നിവ ഉൾപ്പെടുന്ന ഇൻഷ്വറൻസ് പോളിസി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ടിലെ മാനദണ്ഡങ്ങൾ പാലിച്ച് ആടുകളെ വളർത്തുമെന്ന് ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമച്ചിട്ടില്ല. ഗുണഭോക്താക്കൾ നൽകിയ മുദ്രപ്പത്രങ്ങൾ വെറുതെ ഫയലിൽ സൂക്ഷിച്ചിരിക്കുകയാണ്. 11.01.2016-ലെ ജി.ഒ.(എം.എസ്.) 4/2016/തസ്വഭവ പ്രകാരം

പെണ്ണാടിനെ വാങ്ങുന്നതിന് സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കൾ ആടിനെ കുറഞ്ഞത് 3 വർഷം വരെ വളർത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽവിവരിച്ച പ്രോജക്ട് നടപടികളിൽ ആടുകളെ ഇൻഷ്വർ ചെയ്യൽ, ഗുണഭോക്താക്കളുമായി കരാർ ചമയ്ക്കൽ എന്നീ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/19.09.2017) ലഭ്യമാക്കിയ മറുപടിയിൽ 10 ഗുണഭോക്താക്കൾക്ക് നൽകിയ 30 ആടുകളെ ഇൻഷ്വർ ചെയ്ത പോളിസി ഹാജരാക്കുകയും അവശേഷിക്കുന്നവ തുടർന്ന് ലഭ്യമാക്കുമെന്നും ഗുണഭോക്താക്കളുമായുള്ള കരാർ ചമയ്ക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. മേൽപറഞ്ഞ അപാകതകൾ, രേഖകളുടെ അഭാവം എന്നീ കാരണങ്ങളാൽ 18 ഗുണഭോക്താക്കൾക്ക് 54 ആടുകളെ വാങ്ങാൻ നൽകിയ സബ്സിഡി തുകയായ 2.7 ലക്ഷം(18x15000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 കന്നുകുട്ടി പരിപാലനം--വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം 2016-17 |
| പ്രോജക്ട് നം.; വർഷം | S0069/17; 2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 10 ലക്ഷം രൂപ (5 ലക്ഷം വികസനഫണ്ട് - ജനറൽ,<br>5 ലക്ഷം ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 237,500/- രൂപ |
| ചെലവ് വിശദാംശം | Bill No.PP10/2016-17/31.03.2017 |

കന്നുകുട്ടി പരിപാലനത്തിനുള്ള ഫീഡ് സബ്സിഡി തുകയായ 2,37,500/- രൂപ (ഒരു ഗുണഭോക്താവിന് 12,500 രൂപ നിരക്കിൽ 19 പേർക്ക്)ജില്ലാ പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. Assistant Director, Calf Feed Subsidy Programme, Kottayam ഓഫീസറുടെ 708011400000050 നം. ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് തുക തൻകിയിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് 32 മാസങ്ങൾകൊണ്ട് പൂർത്തിയാക്കുന്നത്. ഏപ്രിൽ 2017 ൽ ആരംഭിച്ച പ്രോജക്ട് ഓഡിറ്റ് സമയത്ത് 5 മാസം ഫീഡ് വിതരണം പൂർത്തിയാക്കിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് ജില്ല പ്രോജക്ട് ഓഫീസറുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ വരെ മേൽ പ്രോജക്ടിനായുള്ള 2,37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തിക വർഷം 133 പേർക്ക് തൊഴിൽ കാർഡ് നല്കി, 1416 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 246 പദ്ധതികൾ വിഭാവനം ചെയ്യുകയും, 181 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 179 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 27082 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 4കുടുംബത്തിന് മാത്രം 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 1113 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തോട് ആഴം കൂട്ടൽ, റോഡ് കോൺക്രീറ്റിംഗ്, നടപ്പാത നിർമ്മാണം, മരം വെച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,046 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 1,03,37,102 |
| പലിശ | 999 |
| ആകെ | 1,03,42,747 |
| ചെലവ് | 1,03,18,574 |
| നീക്കിയിരിപ്പ് | 24,173 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

തൻവർഷം സംയുക്ത പ്രോജക്റ്റിനായി 2.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തതിനാൽ ധനകാര്യ പത്രിക 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുകയൊന്നും പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി കാണുന്നില്ല. അക്കൗണ്ടിങ്ങിലെ പിഴവ് സംബന്ധിച്ച വിശദാംശം ഖണ്ഡിക 2-1 ൽ വിശദീകരിച്ചിട്ടുണ്ട്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി.-യിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 61,43,095/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റിന്റെ പേര് | നിക്ഷേപിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി.<br><br>S0152/17<br>സ്ട്രീറ്റ് മെയിൻ, വൈദ്യുതി മീറ്റർ സ്ഥാപിക്കൽ | | 31,46,581/-<br>8,83,293/-<br>9,70,126/-<br>4,00,000/-<br>5,67,224/-<br>1,75,871/- | 0 | 61,43,095/- |

മേൽപറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രവൃത്തിക്ക് നൽകിയ തുകകൾ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 460500202-Advance to Implementing Agencies Deposit with Kerala State Electricity Board എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റായി ടി തുക നിലനിൽക്കുന്നുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന്റെ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം വായ്പയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് ബാധ്യത ഇല്ല. വർഷാരംഭത്തിലുണ്ടായിരുന്ന വായ്പയിനത്തിലുള്ള ബാധ്യത 3,26,693/- രൂപ തിരികെ അടവാക്കി വായ്പയുടെ മുതൽ തുക പൂർണ്ണമായും അടവാക്കി (പ്രോജക്റ്റ് നം.S039/17, വൗച്ചർ നം.21600705/27.01.2017). വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ബാങ്ക്/ ലോൺ അക്കൗണ്ട് നം. | 31.03.2017 വരെ വായ്പ എടുത്ത തുക | 01.04.2016-ൽ തിരിച്ചടയ്ക്കാനുള്ള തുക | 2016-17 തിരിച്ചടച്ച തുക(മുതൽ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ.(സാധാ.) നം.725/2010 /തസ്വഭവ 04.03.2010 | എസ്.സി.ബി,കുറിച്ചി A/C No. 0143040000001 | 1,26,76,183/- | 3,26,693/- | 3,26,693/- | 0 |

ലോൺ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 30.12.2016 തീയതിയിൽ പലിശയിനത്തിൽ 97,887/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ടി തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിരുന്നു. സർക്കാരിൽ നിന്നും ലഭിക്കേണ്ട പലിശ തുക ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് ഇ.എം.എസ്. ഭവന പദ്ധതി ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സാംഖ്യയിൽ 420800101-Investments – Fixed Deposits എന്ന ശീർഷകത്തിലാണ് സ്ഥിരനിക്ഷേപത്തിന്റെ വിനിമയം അക്കൗണ്ട് ചെയ്യുന്നത്. വാർഷിക കണക്കുകൾ പ്രകാരം വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം 35,58,878/- രൂപയും സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ 5,55,450/- രൂപയുമാണ്. സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള സ്ഥിരനിക്ഷേപത്തിന്റെ വിനിമയം സംബന്ധിച്ച കണക്കുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 37,33,258/- |
| തൻവർഷം നിക്ഷേപിച്ച തുക (സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ) | 3,81,070/- |
| ആകെ | 41,14,328/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 41,14,328/- |

വാർഷിക കണക്കുകളും രജിസ്റ്ററിലെ കണക്കുകളും തമ്മിലുള്ള പൊരുത്തക്കേട് തൻവർഷം ക്രമീകരിച്ചതിനാലാണ് വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം,സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ എന്നീ കണക്കുകളിൽ വ്യത്യാസം കാണുന്നത്. രജിസ്റ്ററിലെ 31.03.2017-ലെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിലെ കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. വിവിധ സഹകരണ ബാങ്കുകളിൽ 6 സ്ഥിരനിക്ഷേപ അക്കൗണ്ടുകളിലാണ് മേൽപറഞ്ഞ തുക നിക്ഷേപിച്ചിരിക്കുന്നത്. 31.03.2017-ൽ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | അക്കൗണ്ട് നം. | നിക്ഷേപത്തിന്റെ വിവരം | പലിശ നിരക്ക് | തുക(രൂപ) |
|---|---|---|---|---|
| 1. | 012000000470/03.04.2012 | ഇത്തിത്താനം ജനത സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1297, മലകുന്നം | 11% | 10,56,070/- |
| 2. | 0120000001886/12.01.2006 | " | 11% | 6,49,365/- |
| 3. | 0120000001084/29.09.2003 | " | 9.75% | 13,78,251/- |
| 4. | 0202000008409/12.01.2006 | ഇത്തിത്താനം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.476, മലകുന്നം | 9.25% | 6,61,225/- |
| 5. | 0202000007481/19.03.2004 | " | 9.25% | 3,18,687/- |
| 6. | 0120000000034/27.03.2001 | കുറിച്ചി സർവ്വീസ് സഹകരണബാങ്ക് ലിമിറ്റഡ് നം.1538, കുറിച്ചി | 10% | 50,730/- |
| ആകെ സ്ഥിരനിക്ഷേപ തുക | | | | 41,14,328/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം- തുക വകമാറ്റി ചെലവഴിച്ചു-1.2 ലക്ഷം പാഴായി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,33,58,361/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,90,38,641/- |
| വരവിനങ്ങളിലുള്ള നഷ്ടം | 29,184/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 86,04,472/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-7 | 29,184/- | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 61,43,095/- | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| 3-2 | 10,61,378/- | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| 3-3 | 27,000/- | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| 3-6 | 5,99,999/- | ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി |
| 3-9 | 2,65,500/- | ശ്രീ.പ്രസന്നകുമാർ ആർ., കൃഷി ഓഫീസർ |
| 3-10 | 2,70,000/- | ഡോ.ജിജേഷ് കുമാർ, വെറ്ററിനറി സർജൻ |
| 3-11 | 2,37,500/- | ഡോ.ജിജേഷ് കുമാർ, വെറ്ററിനറി സർജൻ |
| ആകെ | 86,04,472/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-5 പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള 4,286/- രൂപ സംസ്ഥാന സർക്കാരിലേക്ക് തിരികെ അടവാക്കാൻ അവശേഷിക്കുന്നുണ്ട്.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-9, 2-10

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എബ്രഹാം സി.മാത്യു, സെക്രട്ടറി | സെക്രട്ടറി, കുറിച്ചി ഗ്രാമ പഞ്ചായത്ത് | ചെത്തിപ്പുഴ, പെരുമ്പനച്ചി പി.ഒ., ചങ്ങനാശ്ശേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997 to 30.4.1998 plan | എൽ.എഫ്.കെ.പി.8-484/00/8.12.2000 | |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി.8-329/02/20.01.13/13.06.13 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.8-1652/07/05.12.08 | 1 |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.8/536/03/26.02.2003/8.10.2003 | 25 |
| 1999-2000(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.08 | 05 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി.8-954/03/10.6.2004/2.08.2004 | 18 |
| 2000-01 | എൽ.എഫ്.കെ.പി.8/1654/07/7.11.09/31.12.09 | 02 |
| 2001-02 | എൽ.എഫ്.കെ.പി.11/331/14(4)/4.06.14 | 04 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.11/242/14/8.04.14 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.11/190/11 1-14/22.02.11 | 03 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 07 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 01 |
| 2004-05ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 03 |
| 2005-06 | എൽ.എഫ്.കെ.പി..11-242/14/8.04.14 | 08 |
| 2006-07 | എൽ.എഫ്.കെ.പി.11-242/14/15.03.14 | 24 |
| 2007-08 | എൽ.എഫ്.കെ.പി.11-446/14/15.12.15 | 14 |
| 2008-09 | എൽ.എഫ്.കെ.പി.11-242/14/14.03.14 | 18 |
| 2009-10, 2010-11 | എൽ.എഫ്.കെ.പി.11-1032/13/03.01.14 | 18 |
| 2011-12 | എൽ.എഫ്.കെ.പി.11-1786/13 .01.14 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-1786/13/13.01.14 | 23 |
| 2013-14 | എൽ.എഫ്.കെ.പി.11-440/15/10.6.15 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11-722/16/15.06.16/27.06.16 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11-9/2017/06.01.2017 | 28 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2016-17

നം.കെ.എസ്.എ-കെ.ടി.എം.പി12/1519/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ: 04812564886

തീയതി: 19.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം